**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1196** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>അരുവിക്കര മണ്ഡലത്തിലെ സ്മാർട്ട് കൃഷി ഭവനുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** അരുവിക്കര നിയമസഭാ മണ്ഡലത്തിൽ ഏതെല്ലാം കൃഷി ഭവനുകളാണ് സ്മാർട്ട് കൃഷി ഭവനുകളാക്കി മാറ്റിയിട്ടുള്ളതെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>** 8 കൃഷിഭവനുകളുള്ള അരുവിക്കര നിയമസഭാ മണ്ഡലത്തിൽ നിന്നും ഒരു കൃഷി ഭവനെയും സ്മാർട്ട് കൃഷി ഭവനുകളാക്കിയിട്ടില്ല. എന്നാൽ ആര്യനാട് കൃഷിഭവൻ 2023-24 സ്മാർട്ട് കൃഷി ഭവൻ പട്ടികയിൽ ഉൾപ്പെട്ടിരുന്നു എങ്കിലും പ്രവൃത്തി നടപ്പിലാക്കാൻ കഴിഞ്ഞില്ല.

**(ബി)** പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളാണ് ഇനി സ്മാർട്ട് കൃഷി ഭവനുകളാക്കി മാറ്റാനുള്ളതെന്ന വിവരം വ്യക്തമാക്കാമോ?

**<u>മറുപടി:</u>** നിലവിൽ അരുവിക്കര നിയമസഭാ മണ്ഡലത്തിലെ 8 കൃഷിഭവനുകളിൽ നിന്നും ഒന്നും തന്നെ സ്മാർട്ട് കൃഷി ഭവനാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നില്ല. കൃഷി ഭവൻ കെട്ടിടം ജീർണ്ണാവസ്ഥയിലുള്ളതും സ്വന്തമായി ഏറ്റവും കുറഞ്ഞത് 10 സെന്റ് സ്ഥലം എങ്കിലുമുള്ള കൃഷി ഭവനുകളെയാണ് സ്മാർട്ട് കൃഷി ഭവൻ പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ കരകുളം, മംഗലപുരം എന്നീ കൃഷി ഭവനുകൾ സ്മാർട്ട് കൃഷി ഭവൻ ആയിട്ടുണ്ട്. NABARD, RIDF Tranche XXVII-ൽ ഉൾപ്പെടുത്തി നഗരൂർ കൃഷി ഭവനും NABARD RIDF Tranche XXX- ൽ ഉൾപ്പെടുത്തി നെയ്യാറ്റിൻകര കൃഷി ഭവനും സ്മാർട്ട് കൃഷി ഭവൻ ആക്കുന്നതിനുള്ള നിർമാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**